"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.സുരഭി.എസ്.എൽ, അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, കുമാരപുരം, എറണാകുളം - ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ 994/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2072/2023/H&FWD തീയതി,തിരുവനന്തപുരം, 14-08-2023

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒഎ നമ്പർ 994/2023 കേസിൽ 19-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.
2. സഉ (സാധ) 1518/2023/ആകുവ തീയതി 26-06-2023
3. സഉ (സാധ) 1603/2023/ആകുവ തീയതി 04-07-2023
4. ഡോ.സുരഭി.എസ്.എൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. അപ്പീൽ കമ്മിറ്റി 22-07-2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം കുമാരപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ.സുരഭി.എസ്.എൽ- ന് ഇടുക്കി ചിത്തിരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 994/2023 കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ പരാമർശം (1) പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായും പരാമർശം (2),(3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

(2) ഇതിനിടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ നിർദേശിച്ചതനുസരിച്ച് ഡോ.സുരഭി.എസ്.എൽ പരാമർശം (4) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2),(3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.സുരഭി എസ്.എൽ-ന്റേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും, ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഒരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിലും ഡോ.സുരഭി.എസ്.എൽ ആവശ്യപ്പെട്ടത്, 20-06-2023 തീയതിൽ പ്രസവാവധിയിൽ നിന്ന് തിരികെ എത്തിയ ആൾ എന്ന നിലക്കും ടിയാളുടെ ആരോഗ്യാവസ്ഥ പരിഗണിച്ചും നിലവിലെ സ്റ്റേഷനായ എറണാകുളം കുമാരപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലനിർത്തുകയോ, അതല്ലെങ്കിൽ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ട ഏതെങ്കിലും സ്ഥലത്തേക്ക് നിയമനം നൽകുകയോ വേണം എന്നാണ്.

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ വരുത്തുന്ന ചെറിയമാറ്റങ്ങൾ പോലും മറ്റനേകം തുടർമാറ്റങ്ങൾക്ക്

0195274

GOVERNMENT OF KERALA

ഇടയാക്കും. ആയതിനാൽ ഡോ.സുരഭിയുടെ ആരോഗ്യാവസ്ഥ പരിഗണിച്ച് ടിയാളെ എറണാകുളം ജില്ലയിലെ കടയിരുപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് പരാമർശം (5) ശിപാർശ ചെയ്യുകയുണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.സുരഭി.എസ്.എൽ -നെ എറണാകുളം ജില്ലയിലെ കടയിരുപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി, പരാമർശം (4) പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ബഹു.ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡോ.സുരഭി.എസ്.എൽ ,അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം,കുമാരപുരം ,എറണാകുളം
ഡോ.ധന്യ.കെ.വി ,അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം,കാക്കനാട്,എറണാകുളം
ഡോ.ശ്രീകല .സി.എൻ, അസിസ്റ്റന്റ് സർജൻ,
താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം,എറണാകുളം
ഡോ.ശ്രീരേഖ വി.എസ്, അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം,എടത്തല,എറണാകുളം
ഡോ.ശ്രുതി ഉണ്ണി, അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം,എടത്തല ,എറണാകുളം
ഡോ.ഹന്നത്ത് .എം, അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം,ചൂർണിക്കര ,എറണാകുളം
ഡോ.രോഹിണി .സി, അസിസ്റ്റന്റ് സർജൻ,
പ്രാഥമികാരോഗ്യകേന്ദ്രം, കുട്ടമ്പുഴ ,എറണാകുളം
ഡോ.നിഖിലേഷ് മേനോൻ. ആർ, അസിസ്റ്റന്റ് സർജൻ,
താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുവേലിപ്പടി, എറണാകുളം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 17-08-2023 15:36:18

**മേലെഴുത്ത് നം. ഇ.എ2–12077/2023/ആ.വ.ഡ. തീയതി: 17/08/2023**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**